**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.123 — 06.01.2014 ന് മറുപടിയ്ക്ക്.

**<u>കല്പറ്റയിലെ കാട്ടാനശല്യം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനം, പരിസ്ഥിതി, ഗതാഗതം, കായികം, സിനിമ വകുപ്പുമന്ത്രി) |
| (എ) കല്പറ്റ നിയോജകമണ്ഡലത്തിലെ സുഗന്ധഗിരി സെക്ഷൻ തരിയോട് ഭാഗത്തെ കാട്ടാനശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. സുഗന്ധഗിരി സെക്ഷൻ തരിയോട് ഭാഗത്തെ കാട്ടാനശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് 03.01.2013-ന് തരിയോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 30.08.2013-ൽ ശ്രീ.എം.വി.ശ്രേയാംസ്കുമാർ എം .എൽ.എ ബഹു. മുഖ്യമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് 26.07.2013-ന് വയനാട് ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗ തീരുമാനം അനുസരിച്ച് കാട്ടാനശല്യം പരിഹരിക്കുന്നതിനായി 87.25 ലക്ഷം രൂപയുടെ ഒരു പദ്ധതിയുടെ കരട് ജില്ലാ കളക്ടർക്ക് ഡിവിഷണൽ ഫോറസ്റ്റാഫീസർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ മതിൽ എന്നിവയുടെ നിർമ്മാണത്തിനായി വനം വകുപ്പിന് ലഭ്യമായ ഫണ്ടിൽ നിന്നും ഇതിനകം 10 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് മറ്റ് വകുപ്പുകളിൽ ഏതെല്ലാം ഫയൽ നമ്പർ പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിവുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | (ബി) അറിവില്ല. |
| (സി)തരിയോട് ഭാഗത്തെ കാട്ടാന ശല്യം പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ കല്പറ്റ റേഞ്ചിലെ സുഗന്ധഗിരി സെക്ഷൻ നടപടി സ്വീകരിക്കുമോ ? | (സി) സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.